5. വില വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച കേന്ദ്ര നിർദ്ദേശം ചുവടെ ചേർക്കുന്നു.

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുള്ള (ബി.പി.എൽ.) അരി വില ഉപഭോക്താവിന് ഇപ്പോൾ കിലോയ്ക്ക് 4 രൂപ എന്നത് 6 രൂപയോ 6.50 രൂപയോ ആകും.

(ബി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് (എ.പി.എൽ.) യഥാർത്ഥവില (ഇക്കോണമിക് കോസ്റ്റ്)യോ മാർക്കറ്റ് വിലയോ ഏതാണ് കുറവെന്നാൽ അത്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കൂടുതൽ അരി നൽകുന്നത് സ്വാഗതാർഹം തന്നെ ; എങ്കിലും ആ പേരു പറഞ്ഞ് അരിയുടെ കേന്ദ്രവിൽപ്പന വില വർദ്ധിപ്പിക്കുന്നതും മറ്റു വിഭാഗങ്ങൾക്കു നൽകുന്ന വിഹിതം വെട്ടിക്കുറയ്ക്കുന്നതും അവരെ പൊതുവിതരണത്തിൽ നിന്നും പൂർണ്ണമായി ഒഴിവാക്കുന്നതും ആത്മഹത്യാപരമായിരിക്കുമെന്ന് കേരളം പ്രസ്തുത സമ്മേളനത്തിൽ വ്യക്തമാക്കി. ഭക്ഷ്യ സുരക്ഷ എന്നതുകൊണ്ട് അർത്ഥമാക്കുന്നത് സാധാരണക്കാരന് അവന്റെ ക്രയശേഷിക്ക് അനുസൃതമായി ആവശ്യ ഭക്ഷ്യധാന്യങ്ങൾ ലഭ്യമാക്കുക എന്നതാണ്. കേന്ദ്രത്തിന്റെ പുതിയ നിർദ്ദേശം അംഗീകരിക്കുന്ന പക്ഷം അത് പൊതുവിതരണസമ്പ്രദായത്തെ തകർക്കുകയും പൊതുവിപണിയിലെ വില ക്രമാതീതമായി വർദ്ധിപ്പിക്കുകയും എല്ലാ വിഭാഗങ്ങളുടെയും ഭക്ഷ്യ ധാന്യത്തിനായുള്ള ചെലവ് വർദ്ധിക്കുകയും ചെയ്യാനേ ഉപകരിക്കൂ എന്ന വസ്തുത, കാര്യകാരണ സഹിതം അവരെ ബോദ്ധ്യപ്പെടുത്തുവാൻ കേരളം പരമാവധി ശ്രമിച്ചിട്ടുണ്ട്. നല്ല ഗുണനിലവാരമുള്ള അരി നൽകണമെന്നും യാതൊരു കാരണവശാലും അരി വില വർദ്ധിപ്പിക്കരുതെന്നും ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ട്. ഇതെല്ലാം മനസ്സിലാക്കിയ ശേഷവും അരി വില വർദ്ധിപ്പിക്കുകയും കേന്ദ്ര വിഹിതം കുറയ്ക്കുകയും ചെയ്യുകയാണെങ്കിൽ, സാധാരണ ജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് ആവശ്യം വേണ്ടുന്ന ഭക്ഷ്യധാന്യം ലഭ്യമാക്കുവാനായി സംസ്ഥാന ഗവൺമെന്റ് തക്കസമയത്ത് ഉചിതമായ നടപടികൾ കൈകൊള്ളുന്നതാണ്.

റേഷൻ സംവിധാനത്തിൽ മാറ്റം വരുത്താൻ കേന്ദ്ര ഗവൺമെന്റ് തീരുമാനം

116 (117) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള റേഷൻ സംവിധാനത്തിൽ മാറ്റം വരുത്താൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്രഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോ ;

(സി) ദക്ഷിണ മേഖലാ ഭക്ഷ്യമന്ത്രിമാരുടെ സമ്മേളനം എന്നാണ് ചേർന്നത് ;

(ഡി) വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) യോഗം ചേർന്നില്ലെങ്കിൽ എന്നാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ ;

(എഫ്) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാരിന് എന്തെങ്കിലും അറിയിപ്പ് ലഭിച്ചിട്ടുണ്ടോ ;

(ജി) പ്രസ്തുത യോഗത്തിൽ സംസ്ഥാന സർക്കാർ എന്തൊക്കെ നിർദ്ദേശങ്ങളാണ് സമർപ്പിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(എച്ച്) സംസ്ഥാനത്ത് പുതിയതായി റേഷൻകാർഡ് നൽകുന്നത് നിർത്തലാക്കിയിട്ടുണ്ടോ ;

(ഐ) എങ്കിൽ കാരണങ്ങൾ വെളിപ്പെടുത്തുമോ ;

(ജെ) പുതിയ റേഷൻ കാർഡുകൾ ലഭിക്കാത്തതുമൂലം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ടുകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(കെ) എങ്കിൽ ഇക്കാര്യത്തിൽ ഗവൺമെന്റ് എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) റേഷൻ സംവിധാനത്തിൽ മാറ്റം വരുത്തുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റ് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ദക്ഷിണ മേഖലാ ഭക്ഷ്യമന്ത്രിമാരുടെ സമ്മേളനം ബാഗ്ലൂരിൽ വച്ച് ഇക്കഴിഞ്ഞ ജനുവരി 31-ന് ചേരുകയുണ്ടായി. ഈ യോഗത്തിൽ, താഴെ പറയുന്ന നിർദ്ദേശങ്ങളാണ് കേന്ദ്ര ഭക്ഷ്യമന്ത്രാലയം മുന്നോട്ടുവച്ചത്.

1. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുബാംഗങ്ങൾക്കു നൽകുന്ന അരിയുടെ അളവ് പ്രതിമാസം 10 കിലോ എന്നത് 15 കിലോ ആയി വർദ്ധിപ്പിക്കുക. അതോടൊപ്പം ദാരിദ്ര്യരേഖയ്ക്ക് മേലെയുള്ള കുടുംബങ്ങൾക്ക് ഇതിന് ആനുപാതികമായി (35%) കുറവ് വരുത്തുക.

2. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള കുടുംബങ്ങളുടെ വിഹിതം, ദാരിദ്ര്യരേഖയ്ക്കു മുകളിലുള്ളവർക്ക് കുറവു വരുത്താതെ തന്നെ 15 കിലോ ആയി വർദ്ധിപ്പിക്കുക.

3. ദാരിദ്ര്യരേഖയ്ക്ക് മേലേയുള്ളവർക്ക് അരി നൽകുന്നത് പൂർണ്ണമായും നിറുത്തലാക്കി, താഴെയുള്ളവർക്ക് പ്രതിമാസം 20 കിലോ നൽകുക.

LIBRARY ARCHIVES Kerala Legislative Assembly

4. ദാരിദ്ര്യരേഖയ്ക്ക് മേലേയുള്ളവരെ പൊതുവിതരണ സമ്പ്രായത്തിൽനിന്നും പൂർണ്ണമായും ഒഴിവാക്കി, കേന്ദ്രവിൽപ്പനവില വർദ്ധിപ്പിച്ച്, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വർക്ക് പ്രതിമാസം 25 കിലോ അരി നൽകുക. വില വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച കേന്ദ്ര നിർദ്ദേശം ഇപ്രകാരമാണ്.

(എ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കുള്ള അരി വില ഉപഭോക്താവിന് ഇപ്പോൾ കിലോയ്ക്ക് 4 രൂപ എന്നത് 6 രൂപയോ 6.50 രൂപയോ ആകും.

(ബി) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവർക്ക് യഥാർത്ഥവിലയോ (ഇക്കോണമിക് കോസ്റ്റ്) മാർക്കറ്റ് വിലയോ ഏതാണ് കുറവെന്നാൽ അത്. ഇതു നടപ്പിലായാൽ ഉപഭോക്താവ് ഒരു കിലോ അരിക്ക് 12 രൂപയെങ്കിലും നൽകേണ്ടിവരും. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകുന്ന അരിയുടെ വിഹിതം വർദ്ധിപ്പിക്കുന്നത് സ്വാഗതാർഹം തന്നെ; എങ്കിലും ആ പേരു പറഞ്ഞ് മറ്റുള്ളവർക്ക് നൽകുന്ന അരിയുടെ വിഹിതം കുറയ്ക്കുകയോ വില വർദ്ധിപ്പിക്കുകയോ ചെയ്യുന്ന ഏതൊരു നീക്കവും കേരളം പോലുള്ള ഭക്ഷ്യകമ്മി സംസ്ഥാനത്തിന് അതീവ ദോഷകരമാണെന്നും സംസ്ഥാനത്തിന്റെ പൊതുവിതരണ സമ്പ്രദായത്തെ തകർക്കുന്നതിനേ ഉപകരിക്കൂ എന്നും കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് അവരെ ബോദ്ധ്യപ്പെടുത്താൻ കേരളം ശ്രമിച്ചിട്ടുണ്ട്. 'ഭക്ഷ്യ സുരക്ഷ'യാണ് ലക്ഷ്യമെങ്കിൽ റേഷൻ വില വർദ്ധിപ്പിക്കാതെ കേരളത്തിൽ നിലവിലുള്ള പൊതുവിതരണ സമ്പ്രദായം ഇതേപടി തുടരാൻ സഹായിക്കണമെന്നും അവരോട് അഭ്യർത്ഥിക്കുകയുണ്ടായി. സാധാരണക്കാരന്റെ ക്രയശേഷിക്ക് അനുസൃതമായി ഭക്ഷ്യധാന്യം അവന് ലഭ്യമാക്കുക എന്നതാണ് യഥാർത്ഥ 'ഭക്ഷ്യ സുരക്ഷ' എന്നും റേഷൻ അരിയുടെ വില യാതൊരു കാരണവശാലും വർദ്ധിപ്പിക്കരുതെന്നും കേരളം ശക്തിയായി അഭിപ്രായപ്പെട്ടിട്ടുണ്ട്. കൂടാതെ ഗുണമേന്മയുള്ള അരി ലഭ്യമാക്കണമെന്നും ഭക്ഷ്യധാന്യങ്ങൾ കൊണ്ടുവരുന്ന കാര്യത്തിൽ അന്തർസംസ്ഥാന നിയന്ത്രണങ്ങൾ പാടില്ല എന്നും കേരളം ശക്തിയായി ആവശ്യപ്പെട്ടിട്ടുണ്ട്.

(ഇ&എഫ്) ചോദ്യം ഉദിക്കുന്നില്ല.

(ജി) ആദ്യ വിഭാഗങ്ങൾക്കുള്ള ഉത്തരം കണ്ടാലും.

(എച്ച്) ഇല്ല.

(ഐ) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ജെ&കെ) ഗവൺമെന്റ് പ്രസ്സിൽ നിന്നും കാർഡ് അച്ചടിച്ചു കിട്ടുവാൻ നേരിടുന്ന കാലതാമസം മൂലം ഇക്കാര്യത്തിൽ ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. ഇതിനു പരിഹാരമായി താൽക്കാലിക റേഷൻ കാർഡുകൾ അച്ചടിപ്പിച്ച് അർഹമായ അപേക്ഷകർക്കു നൽകുവാൻ ജില്ലാ സപ്ലൈ ഓഫീസർമാർക്ക് അധികാരം നൽകിയിട്ടുണ്ട്.

റേഷൻ സാധനങ്ങളുടെ വില വർദ്ധനവ്

117 (118) ശ്രീമതി രാധാരാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ റേഷൻ കടവഴി വിറ്റിരുന്ന സാധനങ്ങളുടെ വിലയെന്തായിരുന്നു ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പ്രസ്തുത സാധനങ്ങളുടെ വില എപ്പോഴെല്ലാം എത്രവീതം വർദ്ധിപ്പിച്ചു ;

(സി) ഇപ്പോൾ അവയുടെ വില എത്ര വീതമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ റേഷൻ സാധനങ്ങൾക്കുണ്ടായിരുന്ന വില ചുവടെ ചേർക്കുന്നു.

കോമൺ അരി	5.70 മുതൽ 5.75 വരെ
ഫൈൻ അരി	6.51 മുതൽ 6.56 വരെ
സൂപ്പർ ഫൈൻ അരി	6.82 മുതൽ 6.87 വരെ
ഗോതമ്പ്	4.33 മുതൽ 4.38 വരെ
പഞ്ചസാര	9.15
മണ്ണെണ്ണ	2.66 മുതൽ 2.87 വരെ

(ബി&സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം റേഷൻ സാധനങ്ങളുടെ വിലയിൽ കേന്ദ്രഗവൺമെന്റ് വരുത്തിയ മാറ്റങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു : .

1. 19-8-1996-ലെ വില (കി : ഗ്രാമിന്)

കോമൺ അരി	5.50
ഫൈൻ അരി	6.50
സൂപ്പർ ഫൈൻ അരി	6.90
ഗോതമ്പ്	4.40
പഞ്ചസാര	9.15
മണ്ണെണ്ണ	2.66 - 2.87 വരെ

LIBRARY ARCHIVES Kerala Legislative Assembly